# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 10**

---

*എം.ജി. സർവകലാശാലയിൽ യു3എയ്ക്ക് ഇന്ന് തുടക്കം*

## മുതിർന്ന പൗരൻമാർക്ക് ഒത്തുചേരാം,അറിവും ആഹ്ലാദവും പങ്കു വയ്ക്കാം

മുതിർന്ന പൗരൻമാരെ ജീവിതത്തിലെ സന്തോഷകരമായ മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്(യു3എ) എം.ജി. സർവകലാശാലയിൽ ഇന്ന്(മാർച്ച് 11) തുടക്കം കുറിക്കും. രാവിലെ പത്തിന് അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. 275 മുതിർന്ന പൗരൻമാർ ചടങ്ങിൽ പങ്കെടുക്കും.

55 വയസു കഴിഞ്ഞവർക്ക് ഒത്തുചേരുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഊർജ്ജസ്വലരായി തുടരുന്നതിനുമുള്ള വേദിയാണ് യു3എ ഒരുക്കുന്നത്. ഇവരുടെ അറിവുകളും അനുഭവ സമ്പത്തും നൈപുണ്യവും സമൂഹത്തിന് പ്രയോജനകരമായി പങ്കുവയ്ക്കാനും പുതിയ അറിവുകളും സ്വന്തമാക്കാനും അവസരമുണ്ടാകും.

1973ൽ ഫ്രാൻസിൽ തുടക്കം കുറിച്ച് ഇപ്പോൾ ഇരുപതോളം രാജ്യങ്ങളിൽ സജീവമായ യു3എ ഇന്ത്യയിൽ ആദ്യമായാണ് ഒരു സർവകലാശാല കേന്ദ്രീകരിച്ച് തുടങ്ങുന്നത്. മഹാത്മാ ഗാന്ധി സർവകലാശാലയുടെ എക്സ്റ്റൻഷൻ പ്രോഗ്രാമായാണ് യു3എ പ്രവർത്തിക്കുക. ഏകോപനത്തിനായി സെക്രട്ടറിയേറ്റ് എന്ന പേരിൽ സർവകലാശാലയിൽ പ്രത്യേക സംവിധാനമുണ്ടാകും.

സർവകലാശാലയുടെ വിവിധ പ്രവർത്തനങ്ങളിൽ റിസോഴ്സ് പേഴ്സൺമാർ എന്ന നിലയിൽ യു3എ കൂട്ടായ്മയിൽ ഉൾപ്പെട്ടവരുടെ സേവനം പ്രയോജപ്പെടുത്താനും ഉദ്ദേശ്യമുണ്ട്. പുതുതലമുറ ഗവേഷകർക്കും വ്യവസായ സംരംഭകർക്കും വിവിധ തലങ്ങളിൽ പിന്തുണ നൽകാൻ ഇവർക്കു സാധിക്കും.

മുതിർന്നവരുടെ ശാരീരിക, മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, ജീവിതശൈലി പരിഷ്കരണം, ക്ഷേമപദ്ധതികൾക്ക് രൂപം നൽകൽ തുടങ്ങിയവയും പരിപാടി വിഭാവനം ചെയ്യുന്നു. കൂട്ടായ്മയിലുള്ളവരുടെ ആത്മവിശ്വാസം വർധിപ്പിക്കാനും തലമുറകൾക്കിടയിലുള്ള ആശയ വിനിമയം സുഗമമാക്കാനും സാമൂഹ്യ പുരോഗതിക്കും യു3എ ഉപകരിക്കുമെന്ന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു.

ഉദ്ഘാടനച്ചടങ്ങിൽ ഇൻറർനാഷണൽ അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റീസ് ഓഫ് ദി തേഡ് ഏജ് പ്രസിഡൻറ് ഡോ. ഫ്രാൻസ്യ വെല്ലാസ് വിശിഷ്ടാഥിതിയായി ഓൺലൈനിൽ പങ്കെടുക്കും.

എം.ജി സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ്, ഇൻറേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ്, മുതിർന്ന പൗരൻമാരുടെ ക്ഷേമവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സിനർജി പ്രതിനിധി ഡോ. എം.സി. ജോസഫ്, ബട്ടർഫ്ളൈ ഫൗണ്ടേഷൻ സ്റ്റേറ്റ് കോ ഓർഡിനേറ്റർ പി. ഷറഫുന്നീസ എന്നിവർ സംസാരിക്കും.

ഉച്ചയ്ക്ക് 12ന് നടക്കുന്ന ചടങ്ങിൽ യു3എയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. ടോണി തോമസ്, ഡോ. തോമസ് ഏബ്രഹാം, എൻ. സയ്ദ് റിയാസ് മെഹ്ബൂബ് എന്നിവർ വിശദീകരിക്കും.

(പി.ആർ.ഒ/39/286/2023)

## കേന്ദ്ര -സംസ്ഥാന സാമ്പത്തിക ബന്ധം; ശിൽപ്പശാല നടത്തി

കേന്ദ്ര -സംസ്ഥാന സാമ്പത്തിക ബന്ധത്തെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് എക്കണോമിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സും സംയുക്തമായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. പ്രൊ -വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ പ്രഫ. ഡോ. കെ.ജെ. ജോസഫ് , മഹാത്മാ ഗാന്ധി സർവാകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, കോട്ടയം നഗരസഭ ആരോഗ്യ - വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ ജോസ് പള്ളിക്കുന്നേൽ, ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ ഡയറക്ടർ പ്രഫ. ഡോ. കെ.എം. സീതി, കെ എൻ രാജ് സ്കൂൾ ഓഫ് എക്കണോമിക്സ് ഡയറക്ടർ പ്രഫ. ഡോ. ജോണി ജോൺസൺ, സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് ഡയറക്ടർ ജോസ് ചാത്തുകുളം, പ്രഫ .ഡോ.വി മാത്യു കുര്യൻ, ഡോ. ജോസ് ജെ. നടുത്തൊട്ടി , ഡോ. എൻ.സി. ജേക്കബ്, ഡോ. എസ്. മുരളീധരൻ, ഡോ. എം.ജി. അജയ് തുടങ്ങിയവർ സംസാരിച്ചു. വിവിധ കോളജുകളിലെ അധ്യാപകരും വിദ്യാർഥികളും പങ്കെടുത്തു .

(പി.ആർ.ഒ/39/287/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് (ഓണേഴ്സ് 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ മാർച്ച് 29നു തുടങ്ങും.

പിഴ കൂടാതെ മാർച്ച് 18 വരെയും പിഴയോടു കൂടി മാർച്ച് 20 വരെയും സൂപ്പർ ഫൈനോടു കൂടി മാർച്ച് 21 നും അപേക്ഷ സമർപ്പിക്കാം.

............................

നാലാം വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (2015 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ഏപ്രിൽ 19 ന് തുടങ്ങും.

പിഴ കൂടാതെ ഏപ്രിൽ മൂന്നു വരെയും പിഴയോടു കൂടി ഏപ്രിൽ നാലിനും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ അഞ്ചിനും അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/288/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എൽ.എൽ.ബി കോഴ്സുകളുടെ പരീക്ഷകൾ മാർച്ച് 29 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/289/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2022) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 16 മുതൽ നടത്തും.

(പി.ആർ.ഒ/39/290/2023)

## പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എ ഹിസ്റ്ററി (പി.ജി.സി.എസ്.എസ്. - 2017, 2018 അഡ്മിഷനുകൾ സപ്ലിമെൻററി - ജനുവരി 2022) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് 23 വരെ ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)യ്ക്ക് സമർപ്പിക്കാം.

.................

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (പി.ജി.സി,എസ്.എസ് - റഗുലർ,സപ്ലിമെൻററി,ബെറ്റർമെൻറ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച്

മാർച്ച് 24 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

.....................

ഒന്നാം സെമസ്റ്റർ ബി.എ (പ്രൈവറ്റ് രജിസ്ട്രേഷൻ, സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ - മെയ് 2022) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 24 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/291/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**